**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ചിറ്റൂർ-തത്തമംഗലം നഗരസഭ - സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.യു. ബിനിയുടെ പ്രസവാവധി - തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3431/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.12.2014

================================================================

പരാമർശം:-
1) ജി.ഒ.(ആർ.ടി) 3349/14/തസ്വഭവ. തീയതി. 18.12.2014.
2) നഗരസഭാ സെക്രട്ടറി ശ്രീമതി. കെ.യു. ബിനിയുടെ 18.11.2014 തീയതിയിലെ അപേക്ഷ.
3) നഗരകാര്യ ഡയറക്ടറുടെ 20.11.2014 തീയതിയിലെ ഇ2-20314/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറ്റൂർ-തത്തമംഗലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.കെ.യു. ബിനിക്ക് മേൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം 01.06.2014 മുതൽ പ്രസവാവധി അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത പ്രസവാവാധിയുടെ കാലാവധി 27.11.2014-ന് പൂർത്തിയാകുമെന്നതിനാൽ 28.11.2014 പൂർവ്വാഹ്നം മുതൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്ന ശ്രീ.കെ.യു. ബിനിയുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ ചിറ്റൂർ തത്തമംഗലം നഗരസഭാ സെക്രട്ടറിയുടെ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണെന്ന വിവരം സഹിതം നഗരകാര്യ ഡയറക്ടർ അനന്തര നടപടികൾക്കായി പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

മേൽ സാഹചര്യത്തിൽ ചിറ്റൂർ-തത്തമംഗലം നഗരസഭാ സെക്രട്ടറിയായിരിക്കെ പ്രസവാവധിയിൽ പ്രവേശിച്ച ശ്രീമതി. കെ.യു. ബിനിക്ക് ചിറ്റൂർ തത്തമംഗലം നഗരസഭാ സെക്രട്ടറിയായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചിറ്റൂർ-തത്തമംഗലം നഗരസഭ.
ശ്രീമതി.കെ.യു.ബിനി, (മുനിസിപ്പൽ സെക്രട്ടറി), കാവനാട് വീട്, ഏഴക്കാട് പോസ്റ്റ്, പാലക്കാട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**